## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4899 — 14/11/2019-ൽ മറുപടിക്ക്

### ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിലെ ന്യൂനതകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വളർച്ച ഘടകങ്ങളെ തിരസ്കരിച്ചുകൊണ്ടുള്ള അശാസ്ത്രീയമായ സ്കൂൾ ഘടനാ ഏകീകരണമായതിനാൽ അത് ഗുണത്തേക്കാൾ ഏറെ ദോഷമുണ്ടാക്കുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി (എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) എന്നിവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുക എന്നതാണ് നിലവിലെ ഏകീകരണം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ഏകോപിത ഭരണക്രമത്തിലൂടെ അദ്ധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകും. |
| ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ തരത്തിലുള്ള ഘടനാമാറ്റം മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുവാൻ പോകുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയില്ലേ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) നിലവിൽ അംഗീകരിച്ച ഘടനാമാറ്റംകൊണ്ട് സ്കൂളിനെ ഒരു യൂണിറ്റാക്കി മാറ്റി കുട്ടികളുടെ ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് ഘടനാമാറ്റംകൊണ്ട് യാതൊരുബുദ്ധിമുട്ടും ഉണ്ടാകുകയില്ല. |
| സി) ദേശീയ വിദ്യാഭ്യാസ കമ്മീഷനായ ഡോ.കോത്താരി റിപ്പോർട്ടും ഖാദർ കമ്മീഷൻ റിപ്പോർട്ടും തമ്മിലുള്ള വലിയ വൈരുദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരം മറികടക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) ഡോ.വി.എസ്.കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളും പരിഗണിച്ചാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**